6602
10/6/15

## കേരള സർക്കാർ
## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഗാർഹികാതിക്രമങ്ങൾ ഉൾപ്പെടെ പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസ പദ്ധതി- ധനസഹായം അനുവദിക്കുന്നത് - അനുമതി നൽകിയത് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ (സാധാ) നം. 330/ 2015/സാനീവ തീയതി, തിരുവനന്തപുരം, 05.06.2015

---

പരാമർശം: 1) 24.11.2011 ലെ സ.ഉ(സാധാ) നം. 427/2011/സാക്ഷേവ.
2) 29.03.2014 ലെ സ.ഉ(സാധാ) നം. 227/2014/സാനീവ.
3) 20.06.2014 ലെ സ.ഉ(സാധാ) നം. 413/2014/സാനീവ.
4) 23.03.2015 ലെ സ.ഉ(സാധാ) നം. 164/2015/സാനീവ.
5)സാമൂഹ്യനീതി ഡയറക്ടറുടെ 07.05.2015 - ലെ സി2-36696/14 നമ്പർ കത്ത്.

### ഉത്തരവ്

ഗാർഹിക അതിക്രമങ്ങൾ ഉൾപ്പെടെ വിവിധതരത്തിലുള്ള പീഢനത്തിനിരയായ വനിതകളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും ഒരു പദ്ധതി ആവിഷ്ക്കരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പീഡനത്തിനിരയായ സ്ത്രീകൾക്ക് അനുവദിക്കാവുന്ന പരമാവധി ധനസഹായ തുക 25,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ ധനസഹായം ശുപാർശ ചെയ്യുന്ന സമിതിക്ക് അധിക ധനസഹായം അത്യന്താപേക്ഷിതമാണെന്ന് തോന്നുന്നപക്ഷം ശുപാർശ ചെയ്യാവുന്നതും, സർക്കാരിന്റെ പ്രത്യേക അനുമതിയോടുകൂടി ധനസഹായം അനുവദിക്കാവുന്നതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2. പ്രസ്തുത പദ്ധതി പ്രകാരം വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ ജില്ലാതലത്തിൽ അപേക്ഷകൾ ക്ഷണിച്ച് കളക്ടർ ഉൾപ്പെടുന്ന ജില്ലാ കമ്മിറ്റിയുടെ ശുപാർശയോടുകൂടി സമർപ്പിച്ച 16 പേർക്ക് 25,000/- രൂപയ്ക്കുമേൽ ധനസഹായം അനുവദിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ '2235-02-106-93 (പ്ലാൻ)' ശീർഷകത്തിൽ നിന്നും 9,25,000/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ തുക ലഭ്യമല്ലാതിരുന്നതിനാൽ ധനസഹായം വിതരണം ചെയ്യാൻ സാധിച്ചില്ലായെന്നും ആയതിനാൽ പ്രസ്തുത 9,25,000/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-106-93 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (5) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗാർഹിക അതിക്രമങ്ങൾ ഉൾപ്പെടെ വിവിധതരത്തിലുള്ള പീഢനത്തിനിരയായ വനിതകളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി 25,000/- രൂപയിൽ അധികം തുക പ്രസ്തുത 16 അപേക്ഷകർക്ക് ധനസഹായമായി നൽകുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 9,25,000/-രൂപ (ഒൻപത് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-106-93 (പ്ലാൻ)' ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ലീലാമണി.കെ.എം.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ